കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2018 ഒക്ടോബർ 10 ബുധൻ

---

# അനധികൃത ചിട്ടി നടത്തുന്നവർക്കെതിരെ ജാഗ്രത പാലിക്കണം

ആലപ്പുഴ:കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ വിജ്ഞാപനപ്രകാരം കേന്ദ്ര ചിട്ടി നിയമം 1982 കേരളത്തിലും പ്രാബല്യത്തിലുണ്ടെന്നും അനധികൃത ചിട്ടികൾ നടത്തുന്നവർക്കെതിരെ ജാഗ്രത പാലിക്കണമെന്നും ജില്ല രജിസ്ട്രാർ മുന്നറിയിപ്പു നൽകി. കേന്ദ്ര ചിട്ടി നിയമപ്രകാരം അനുമതിയില്ലാതെ ചിട്ടി തുടങ്ങുന്നതിനുള്ള ലഘുലേഖകളോ പരസ്യങ്ങളോ നോട്ടീസോ മറ്റേതെങ്കിലും രേഖകളോ പുറപ്പെടുവിക്കരുത്. എന്നാൽ ജില്ലയിലെ ചില സ്വകാര്യ ചിട്ടി കമ്പനികൾ ഇപ്രകാരം അനുമതിയില്ലാതെ വാഗ്ദാനങ്ങൾ നൽകി പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കേന്ദ്ര ചിട്ടി നിയമങ്ങൾക്ക് വിരുദ്ധമാണ്. സർക്കാർ അനുമതി കൂടാതെയുള്ള ഇത്തരം ചിട്ടികളിൽ പ്രലോഭിതരായി ജനങ്ങൾ വഞ്ചിതരാവരുത്. വ്യാജച്ചിട്ടികളെ കുറിച്ചുള്ള വിവരങ്ങൾ ആലപ്പുഴ ഡപ്യൂട്ടി രജിസ്ട്രാറെ രേഖാമൂലം അറിയിക്കാവുന്നതാണെന്നും ജില്ല രജിസ്ട്രാർ അറിയിച്ചു. ബന്ധപ്പെടേണ്ട വിലാസം: ജില്ല രജിസ്ട്രാർ ഓഫീസ് ഹെഡ് .പി.ഒ , ആലപ്പുഴ 688001.ഫോൺ:0477-2253257. ഇ-മെയിൽ: regalp.ker@nic.in

കേന്ദ്ര ചിട്ടി നിയമത്തിന് അനുബന്ധമായുള്ള കേരള ചിറ്റ് ഫണ്ട്സ് റൂളിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ ചിട്ടികളുടെയെല്ലാം തുടർപ്രവർത്തനങ്ങൾ. 1982ലെ കേന്ദ്ര ചിട്ടി നിയമത്തിനു കീഴിൽ പ്രവർത്തിക്കുന്ന സ്വകാര്യ ചിട്ടി കമ്പനികൾക്ക് മാത്രമാണ് ചിട്ടി നടത്തുന്നതിനുള്ള മുൻകൂർ അനുമതി. ഈ കമ്പനികൾ നടത്തുന്ന ചിട്ടികളുടെ വിശദവിവരങ്ങൾ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും വില്ലേജ്, പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ ഓഫീസുകളിലും സഹകരണസംഘങ്ങളുടെ ഓഫീസിലും പ്രദർശിപ്പിച്ചിട്ടുള്ളതാണ്.

# കെട്ടിട ലേലം

ആലപ്പുഴ: മണ്ണഞ്ചേരി പൊളത്തൈ ഗവ. ഹൈസ്കൂളിന്റെ രണ്ട് പഴയ കെട്ടിടം പൊളിച്ച് നീക്കം ചെയ്യുന്നതിന് ഒക്ടോബർ 20 ഉച്ചകഴിഞ്ഞ് രണ്ടിന് പരസ്യമായി ലേലം ചെയ്യുന്നു. താൽപ്പര്യമുള്ളവർ 13875.75 രൂപ രൂപ നിരതദ്രവ്യം അടച്ച് ലേലത്തിൽ പങ്കെടുക്കണം. ലേലം കൊള്ളുന്നവർ മുഴുവൻ തുകയും അടച്ച് ഒരാഴ്ചക്കകം കെട്ടിടം പൊളിച്ചു മാറ്റണം. ലേല നടപടികൾക്ക് നിലവിലുള്ള ഗവ. നിയമങ്ങൾ ബാധകമായിരിക്കും. ഫോൺ: 0477- 2292209.

## ക്ഷീരസംഘം പരിശീലന കേന്ദ്രത്തിൽ ലാബ് അസിസ്റ്റന്റ് പരിശീലനം

ആലപ്പുഴ: ഓച്ചിറ ക്ഷീരോൽപ്പന്ന പരിശീലന വികസന കേന്ദ്രത്തിൽ ഒക്ടോബർ 15 മുതൽ 17വരെ മൂന്നു ദിവസങ്ങളിലായി ക്ഷീരസഹകരണസംഘം ലാബ് അസിസ്റ്റന്റുമാർക്കുള്ള പരിശീലനം നൽകും. രജിസ്ട്രേഷൻ ഫീസ് 15 രൂപ. ഫോൺ മുഖേന നേരിട്ട് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർ ഒക്ടോബർ 15ന് രാവിലെ 10ന് പരിശീലന കേന്ദ്രത്തിൽ എത്തണം. ഫോൺ: 0476-2698550

## വനിത-ശിശു വികസന വകുപ്പിൽ പ്രൊബേഷൻ ഓഫീസർ, സോഷ്യൽ വർക്കർ നിയമനം

ആലപ്പുഴ: വനിത-ശിശു വികസന വകുപ്പിന്റെ കീഴിൽ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ല ശിശു സംരക്ഷണ യൂണിറ്റിൽ ലീഗൽ കം പ്രൊബേഷൻ ഓഫീസർ, സോഷ്യൽ വർക്കർ തസ്തികയിലേക്ക് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ലീഗൽ കം പ്രൊബേഷൻ ഓഫീസർക്ക് എൽഎൽ ബി.യാണ് യോഗ്യത. പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. 26,475 രൂപ ഹോണറേറിയം ലഭിക്കും. സോഷ്യൽ വർക്കർക്ക് സൈക്കോളജിയിലോ, സോഷ്യോളജിയിലോ, സോഷ്യൽ വർക്കിലോ ഉള്ള ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദം. പ്രവൃത്തി പരിചയമുള്ളവർക്കും വനിതകൾക്കും മുൻഗണന. 19,950 രൂപ വേതനം ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോം, യോഗ്യത, പ്രവർത്തിപരിചയ സർട്ടിഫിക്കറ്റ്, ഫോട്ടോ, വയസ്, സർട്ടിഫിക്കറ്റുകൾ, എന്നിവ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകണം. പ്രായപരിധി ഒക്ടോബർ ഒന്നിന് 36 വയസ് കവിയരുത്.

മുമ്പ് ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നും പിരിച്ചുവിടപ്പെട്ടവർ അപേക്ഷിക്കേണ്ടതില്ല. വനിതകൾക്കും ആലപ്പുഴ ജില്ല നിവാസികൾക്കും മുൻഗണന. അപൂർണ്ണവും വൈകി ലഭിക്കുന്നതും നിശ്ചിത മാതൃകയിൽ അല്ലാത്തതുമായ അപേക്ഷകൾ നിരസിക്കപ്പെടും. വിശദവിവരങ്ങൾക്ക് ജില്ല-ശിശു സംരക്ഷണ ഓഫീസർ, ജില്ല ശിശു സംരക്ഷണ യൂണിറ്റ്, കോൺവന്റ് സ്ക്വയർ, ആലപ്പുഴ - ഒന്ന് എന്ന വിലാസത്തിൽ ബന്ധപ്പെടണം. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി നവംബർ എട്ട് വൈകിട്ട് അഞ്ചു മണി. ഫോൺ : 0477 - 2241644. അപേക്ഷഫോറത്തിനും വിവരങ്ങൾക്കും സാമൂഹ്യനീതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.sjd.kerala.gov.in സന്ദർശിക്കുക.

## പൊലീസ് സ്റ്റേഷനുകളിലുള്ള അവകാശികളില്ലാത്ത വാഹനങ്ങൾ ലേലത്തിന്

ആലപ്പുഴ: ജില്ലയിലെ വിവിധ പൊലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചുവരുന്ന അവകാശികൾ ഇല്ലാത്തതും ഉപേക്ഷിക്കപ്പെട്ടുപോയതുമായ വാഹനങ്ങൾ കണ്ടുകെട്ടാൻ നടപടി സ്വീകരിക്കുന്നു. ഇതിനായി ജില്ല പൊലീസ് മേധാവി ഒക്ടോബർ എട്ടിന് നോട്ടീസ് പുറത്തിറക്കി. ചെങ്ങന്നൂർ സബ് ഡിവിഷനിൽ 52 വാഹനങ്ങളും ചേർത്തല സബ് ഡിവിഷനിൽ 84 വാഹനങ്ങളും ആലപ്പുഴ സബ് ഡിവിഷനിൽ 24

വാഹനങ്ങളും കായംകുളം സബ്ഡിവിഷനിൽ 17 വാഹനങ്ങളുമാണ് അവകാശികളില്ലാത്തായി പൊലീസ് തയ്യാറാക്കിയ പട്ടികയിലുള്ളത്. സർക്കാർ കണ്ടുകെട്ടാൻ പോകുന്ന 177 വാഹനങ്ങളിൽ മോട്ടോർ സൈക്കിൾ, ലോറി, കാറുകൾ ഉൾപ്പെടെ വിവിധ കമ്പനികളുടെ വലിയ ശ്രേണി തന്നെയുണ്ട്. നോട്ടീസ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനകം ബന്ധപ്പെട്ട പൊലീസ് സ്റ്റേഷനുകളിൽ ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ കണ്ടുകെട്ടൽ ഒഴിവാകും. അല്ലാത്തപക്ഷം ഈ വാഹനങ്ങളെല്ലാം അവകാശികൾ ഇല്ലാത്തതായി പരിഗണിച്ച് സർക്കാരിലേക്ക് കണ്ടുകെട്ടി ഇ-ലേലത്തിൽ വിൽക്കുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

## ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലെ ആവശ്യത്തിലേക്കായി തൊറസിക് ഡ്രയിനേജ് ബാഗ്-50 എണ്ണം, തൊറസിസ് ഡ്രയിനേജ് കാത്തിറ്റർ-20 എണ്ണം, ത്രീ വേ എക്സ്റ്റൻഷൻ ലൈൻ 100 സി.എം- 1000 എണ്ണം, റെറ്റ് അങ്കിൾഡ് ലാഹിസ് ഫോൾസ്പസ് കർവേഡ് ജോ ബോക്സ് ജോയിന്റ് 170 എം.എം- നാലെണ്ണം റൗണ്ട് നൈഫ്- മൂന്നെണ്ണം, സ്ക്രിർമർ സ്ട്രിപ്പ്- അഞ്ച് ബോക്സസ്, സെന്ററൽ ലൈൻ നാല്-10എണ്ണം എന്നിവ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ഒക്ടോബർ 20ന് വൈകിട്ട് മൂന്നിനകം സൂപ്രണ്ട് ഗവ. ടി.ഡി. മെഡിക്കൽ കോളജ്, ആലപ്പുഴ-അഞ്ച് എന്ന വിലാസത്തിൽ ലഭിക്കണം.

## ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിലെ ആവശ്യത്തിലേക്കായി അരിപ്പിപ്രസോൾ 10 എം.ജി ടാബ്- 100 എണ്ണം, ഇൻജക്ഷൻ ബി. കോപ്ലക്സ്- 30 എണ്ണം, ബെനസൽ പെറോക്സൈഡ് 2.5 ശതമാനം 15 ഗ്രാം- 200 എണ്ണം, ബെനസൽ പെറോക്സിഡ് അഞ്ച് ശതമാനം 15 ഗ്രാം- 100 എണ്ണം, ബെറ്റാംയെത്തസോൺ 0.5 മില്ലി ടാബ്-300 എണ്ണം എന്നിവ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ഒക്ടോബർ 17ന് വൈകിട്ട് മൂന്നിനകം സൂപ്രണ്ട് ഗവ. ടി.ഡി. മെഡിക്കൽ കോളജ്, ആലപ്പുഴ-അഞ്ച് എന്ന വിലാസത്തിൽ ലഭിക്കണം.

## അവലോകനയോഗം മാറ്റി

ഹരിപ്പാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തിനതിനായി ഒക്ടോബർ 11 രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്താനിരുന്ന അവലോകനയോഗം മാറ്റിയതായി പ്രതിപക്ഷനേതാവിന്റെ ഓഫീസ് അറിയിച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും

## നാലിടത്ത് വാഹന ഗതാഗതം നാളെ മുതൽ നിരോധിച്ചു

ആലപ്പുഴ: ആലപ്പുഴ പൊതുമരാമത്ത് നിരത്തുവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയത്തിനു കീഴിലുള്ള നാല് കേന്ദ്രങ്ങളിൽ റോഡ് നവീകരണം നടത്തുന്നതിനാൽ നാളെ മുതൽ (ഒക്ടോ.12) മുതൽ ഈ

ഭാഗങ്ങളിൽ ഗതാഗതം താൽക്കാലികമായി നിരോധിക്കും.

സി.സി.എൻ.ബി റോഡ്, മോൺസിഞ്ഞോർ റയനോൾഡ് പുരയ്ക്കൽ റോഡ്, പാലസ് റോഡ് (ജനറൽ ആശുപത്രി മുതൽ കളക്ട്രേറ്റ് ജംഗ്ഷൻ വരെയും പ്ലേഗ് ക്യാമ്പ് റോഡും), സി.സി.എസ്.ബി. റോഡ് എന്നിവടങ്ങളിലാണ് ഗതാഗത നിരോധം.